## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത 522-ാം നമ്പർ ചോദ്യം 11.06.2013 -ലെ മറുപടിക്ക്**

**ഇസ്ളാമിക് ധനകാര്യ സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. ടി.എം. തോമസ് ഐസക് | ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ഇസ്ളാമിക് ധനകാര്യ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; | (എ) ഇസ്ളാമിക് ധനകാര്യ സ്ഥാപനങ്ങളുടെ മാതൃകയിൽ KSIDC യുടെ പങ്കാളിത്തത്തോടുകൂടി രൂപീകരിച്ച ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികളിലാണ്. |
| (ബി) എന്തെല്ലാം നിലയിലുള്ള ധനകാര്യ ഇടപാടുകളാണ് ഈ സ്ഥാപനങ്ങൾ നടത്തുന്നത്; | (ബി) ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് എന്ന സ്ഥാപനം ഫിനാൻഷ്യൽ ലീസിംഗ്, ഇക്വിറ്റി ഫിനാൻസിംഗ് എന്നീ ധനകാര്യ ഇടപാടുകൾ നടത്താൻ ഉദ്ദേശിക്കുന്നു. |
| (സി) ഇസ്ളാമിക് ബാങ്ക് നടത്താനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) ബാങ്കിതര ധനകാര്യ സ്ഥാപനമായി പ്രവർത്തിക്കാനുള്ള അനുമതിയ്ക്കായി Reserve Bank of India -യിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ